(ഡി) അതിൽ എന്തു തുക ഇതുവരെ സംഭരിച്ചു ;

(ഇ) ഓരോ സഹകരണസ്ഥാപനവും എന്തുതുക വീതം ഇക്കാര്യത്തിനായി നൽകിയെന്ന് വെളിപ്പെടുത്തുമോ ?

വിദ്യുച്ഛക്തിയും സഹകരണവും വകുപ്പുമന്ത്രി (ശ്രീ. എസ്. ശർമ്മ) :

(എ) സഹകരണ ഇൻഷ്വറൻസ് സംഘം രജിസ്റ്റർ ചെയ്തിട്ടുണ്ട്. പ്രാരംഭ പ്രവർത്തനങ്ങൾ എന്ന നിലയിൽ അംഗങ്ങളെ ചേർക്കുകയും ഓഹരി മൂലധനം സ്വരൂപിക്കുകയും ചെയ്തു വരുന്നു.

(ബി) തുക ഓഹരി മൂലധനമായി അംഗങ്ങളിൽ നിന്നും സ്വരൂപിക്കുവാനാണ് ലക്ഷ്യമിട്ടിട്ടുള്ളത്.

(സി) ആദ്യഘട്ടത്തിൽ 110 കോടി രൂപ സ്വരൂപിക്കുവാനാണ് ഉദ്ദേശിച്ചിരുന്നത്.

(ഡി) 10.04 ലക്ഷം രൂപ.

(ഇ) ഇതുവരെ സമാഹരിച്ച തുക സംബന്ധിച്ച വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| | | |
|---|---|---|
| 1. | പ്രാഥമിക സഹകരണ സംഘങ്ങൾ | - 7,95,000 രൂപ |
| 2. | പ്രാഥമിക കാർഷിക വികസന ബാങ്കുകൾ | - 2,00,000 രൂപ |
| 3. | സംസ്ഥാന സഹകരണ ബാങ്ക് | 9,000 രൂപ |
| 4. | സംസ്ഥാന കാർഷിക വികസന ബാങ്ക് | |
| 5. | ജില്ലാ സഹകരണ ബാങ്കുകൾ | |
| | ആകെ | 10,04,000 രൂപ |

**കാഷ്യൂ ഫാക്ടറികൾക്ക് ലൈസൻസ് നല്കുന്നതിനുള്ള മാനദണ്ഡം**

5 (*183) ശ്രീ. ഇ. ടി. മുഹമ്മദ് ബഷീർ :
ശ്രീ. നാലകത്ത് സൂപ്പി :
ശ്രീ. എ. വി. അബ്ദുറഹിമാൻ ഹാജി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലസേചനവും തൊഴിലും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് കാഷ്യൂ ഫാക്ടറികൾക്ക് ലൈസൻസ് നല്കുന്നതിനുള്ള മാനദണ്ഡം വ്യക്തമാക്കുമോ ;

(ബി) 2001-ൽ നാളിതുവരെ ലൈസൻസിനുള്ള എത്ര അപേക്ഷകളാണ് ഡയറക്ടറേറ്റിൽ ലഭിച്ചിട്ടുള്ളത് ;

(സി) ഇവയിൽ എത്ര ഫാക്ടറികൾക്ക് ലൈസൻസ് നല്കി. ഇവർ അപേക്ഷ സമർപ്പിച്ച തീയതി എന്നാണ് ; എന്നാണ് ഇവർക്ക് ലൈസൻസ് നല്കിയത് ; വിശദവിവരം വ്യക്തമാക്കാമോ ;

LIBRARY ARCHIVES Kerala Legislative Assembly

(ഡി) മറ്റ് ഫാക്ടറികൾക്ക് ലൈസൻസ് കൊടുക്കുന്ന രീതിയിൽ കാഷ്യൂ ഫാക്ടറികൾക്ക് ലൈസൻസ് കൊടുക്കാൻ നടപടി സ്വീകരിക്കുമോ ?

ജലസേചനവും തൊഴിലും വകുപ്പുമന്ത്രി (ശ്രീ. വി. പി. രാമകൃഷ്ണപിള്ള) :

(എ) 1957-ലെ കേരള ഫാക്ടറീസ് നിയമത്തിലെ 3, 4, 5, എന്നീ വകുപ്പുകൾ അനുശാസിക്കുന്ന നിബന്ധനകൾക്ക് വിധേയമായിട്ടാണ് കശുവണ്ടി ഫാക്ടറികൾക്ക് ലൈസൻസ് അനുവദിക്കുന്നത്.

(ബി) മൂന്ന് അപേക്ഷകൾ

(സി) മൂന്നെണ്ണത്തിനും ലൈസൻസ് നല്കി. ഫാക്ടറിയുടെ പേര്, അപേക്ഷിച്ച തീയതി, ലൈസൻസ് നല്കിയ തീയതി എന്നീ ക്രമത്തിൽ വിശദവിവരങ്ങൾ താഴെ ചേർക്കുന്നു.

ഷിബി കാഷ്യൂ ഫാക്ടറി, കിളികൊല്ലൂർ, കൊല്ലം 12-1-2001, 22-1-2001 എം.എ.കെ. കാഷ്യൂ പ്രൊഡക്ടേഴ്സ്, തോട്ടത്തറ, കൊട്ടാരക്കര 15-1-2001, 29-1-2001 അമൽ കാഷ്യൂ കമ്പനി, ചുനക്കര, ആലപ്പുഴ 2-1-2001, 31-1-2001.

(ഡി) സാധാരണ ഫാക്ടറികൾക്ക് ലൈസൻസ് നല്കുന്നതുപോലെ കാഷ്യൂ ഫാക്ടറികൾക്ക് ലൈസൻസ് നല്കാൻ നിർവ്വാഹമില്ല. കാഷ്യൂ പ്രോസസിംഗ് അപകട സാദ്ധ്യത ഉള്ളതും മലിനീകരണം ഉണ്ടാകുന്നതുമായ വ്യവസായമായതിനാൽ ഇത്തരം വ്യവസായങ്ങൾക്ക് കൈക്കൊള്ളേണ്ട പ്രത്യേക നടപടിക്രമങ്ങൾ സംബന്ധിച്ച ഇതര വകുപ്പുകൾ നല്കുന്നതോ ഒബ്ജക്ഷൻ സർട്ടിഫിക്കറ്റുകൾക്ക് വിധേയമായിട്ടോ ലൈസൻസ് നല്കാൻ സാധിക്കുകയുള്ളു.

**നിർമ്മാണത്തിലിരിക്കുന്ന വൈദ്യുതി പദ്ധതികൾ**

6 (*184) ശ്രീ. എം. ദാസൻ :
ശ്രീ. എം. വി. ഗോവിന്ദൻ മാസ്റ്റർ :
ശ്രീ. സെബാസ്റ്റ്യൻ പോൾ :
ശ്രീ. കടമ്മനിട്ട രാമകൃഷ്ണൻ :
ശ്രീ. പിരപ്പൻകോട് മുരളി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തിയും സഹകരണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് ഇപ്പോൾ നിർമ്മാണത്തിലിരിക്കുന്ന വൈദ്യുതി പദ്ധതികളുടെ നിർമ്മാണ പ്രവർത്തനത്തെ സംബന്ധിച്ച സർക്കാർ തലത്തിൽ എന്തെങ്കിലും വിലയിരുത്തൽ നടത്തിയിട്ടുണ്ടോ ;

(ബി) ഉണ്ടെങ്കിൽ ഇതിന്റെ അടിസ്ഥാനത്തിൽ പ്രസ്തുത പദ്ധതികളുടെ പ്രവർത്തനം എന്നത്തേക്ക് പൂർത്തീകരിക്കാൻ കഴിയുമെന്ന് വ്യക്തമാക്കുമോ ;

(സി) ഇപ്പോൾ നിർമ്മാണത്തിലിരിക്കുന്ന പദ്ധതികൾ ഏതെല്ലാം ആണെന്നും ഇതിന്റെ ഓരോന്നിന്റെയും ഉല്പാദനശേഷി എത്രയാണെന്നും വ്യക്തമാക്കുമോ ;

(ഡി) ഇപ്പോൾ സംസ്ഥാനത്ത് പ്രതിദിനം ശരാശരി എത്ര മെഗാവാട്ട് വൈദ്യുതി ഉല്പാദിപ്പിക്കുന്നുണ്ട് എന്ന് വ്യക്തമാക്കുമോ ;

LIBRARY ARCHIVES Kerala Legislative Assembly